I/126511/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ.Afsana Perween IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് - അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി - ഐ.സി.ഡി.എസ് പ്രോജക്ടുകൾ, പ്രോഗ്രാം ഓഫീസുകൾ എന്നിവിടങ്ങളിലെ 2023-24 സാമ്പത്തിക വർഷത്തെ POL ചാർജജ്, കരാർ വാഹന വാടക - മൂന്നാം ക്വാർട്ടറിലെ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഈ കാര്യാലയത്തിലെ 04.05..2023 തീയതിയിലെ DWCD/6412/2022-ICDSA1 നം. ഉത്തരവ്.

2. ഈ കാര്യാലയത്തിലെ 10.10.2023 തീയതിയിലെ DWCD/4927/2023-ICDSA1 നം. ഉത്തരവ്

3. ഈ കാര്യാലയത്തിലെ 9/05/2023, 24/08/2023 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

4. കൊല്ലം, കോഴിക്കോട്, കണ്ണൂർ,തൃശ്ശൂർ, പാലക്കാട് ജില്ല വനിത ശിശുവികസന ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള വിവിധ തീയതികളിലെ കത്തുകൾ

5. വയനാട്, എറണാകുളം പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള വിവിധ തീയതികളിലെ കത്തുകൾ

**<u>ഉത്തരവ് നം. DWCD/2588/2023-ICDSA1 തീയതി: 16-11-2023</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി PFMS മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രോജക്ട് ഓഫീസുകളിലും എല്ലാ പ്രോഗ്രാം ഓഫീസുകളിലും സബ്സിഡിയറി സീറോ ബാലൻസ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി ലഭ്യമായ കേന്ദ്ര സംസ്ഥാന വിഹിതം തുകകൾ വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി പരാമർശം (1) , (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം POL ചാർജ്ജിനും, കരാർ വാഹന വാടകയ്ക്കുമായി പ്രോഗ്രാം ഓഫീസുകൾക്കും ഐ.സി.ഡി.എസ് പ്രോജക്ടുകൾക്കും ഒന്നും രണ്ടും ക്വാർട്ടറുകളിൽ ആവശ്യമായ തുക പരാമർശം (3) പ്രകാരം അനുവദിച്ചിരുന്നു. മൂന്നാം ക്വാർട്ടറിൽ POL ചാർജ്ജിനും, കരാർ വാഹന വാടകയ്ക്കുമായി ആകെ 34,93,737/- രൂപ (മുപ്പത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി എഴുന്നൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) അനുവദിച്ച് നൽകുന്നതിന് പരാമർശം (4) (5) പ്രകാരം ബന്ധപ്പെട്ട ജില്ല വനിത ശിശുവികസന ഓഫീസർ/പ്രോഗ്രാം ഓഫീസർമാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

I/126511/2023

ഈ സാഹചര്യത്തിൽ പ്രസ്തുത ജില്ലകളിലെ സ്വന്തം വാഹനമുള്ള പ്രോഗ്രാം ഓഫീസുകൾക്കും ഐ.സി.ഡി.എസ് പ്രോജക്ടുകൾക്കും 2023-24 സാമ്പത്തിക വർഷം മൂന്നാം ക്വാർട്ടറിൽ POL ചാർജ്ജിനും, കരാർ വാഹന വാടകയ്ക്കുമായി ആവശ്യമുള്ള 34,93,737/-രൂപ (മുപ്പത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി എഴുന്നൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം അതാത് ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

**ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് അനുവദിക്കുന്ന തുക**

| ക്രമ നം. | ജില്ല | POL ചാർജ്ജസ്(സ്വന്തം വാഹനങ്ങൾക്ക്) | കരാർ വാഹന വാടക | ആകെ |
|---|---|---|---|---|
| 1. | കൊല്ലം | 0 | 353970 | 353970 |
| 2. | എറണാകുളം | 0 | 303690 | 303690 |
| 3. | കോഴിക്കോട് | 0 | 629356 | 629356 |
| 4. | കണ്ണൂർ | 0 | 895376 | 895376 |
| 5. | വയനാട് | 16900 | 230352 | 247252 |
| 6. | തൃശ്ശൂർ | 0 | 519107 | 519107 |
| 7. | പാലക്കാട് | 49047 | 422739 | 471786 |
| | ആകെ | **65947** | **3354590** | **3420537** |

**പ്രോഗ്രാം ഓഫീസുകൾക്ക് അനുവദിക്കുന്ന തുക**

| ക്രമ നം | ജില്ല | POL ചാർജ്ജസ്(സ്വന്തം വാഹനങ്ങൾക്ക്) | കരാർ വാഹന വാടക | ആകെ |
|---|---|---|---|---|
| 1. | വയനാട് | 0 | 73200 | 73200 |
| | ആകെ | **0** | **73200** | **73200** |

I C D S പ്രോജക്ടുകൾ ക്കാവശ്യമായ 34,20,537/- രൂപയും പ്രോഗ്രാം

I/126511/2023

ഓഫീസുകൾക്കാവശ്യമായ 73,200/- രൂപയും ചേർത്ത് 34,93,737/- രൂപ (മുപ്പത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി എഴുന്നൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിന്നും അതാത് ജില്ലാ വനിത ശിശുവികസന പദ്ധതി ഓഫീസർക്ക് PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതാണ്.

ഈ തുക PFMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള *hiring for vehicles /petrols, oil & lubricant of* vehicles എന്ന കംപോണന്റിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ജില്ലാ വനിത ശിശുവികന ഓഫീസർമാർ അവരവരുടെ കീഴിലുള്ള ശിശുവികസന പദ്ധതി ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും ആവശ്യമായ തുക PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത നൽകേണ്ടതും തുക PFMS മുഖേന ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2023-24 സാമ്പത്തിക വർഷം മൂന്നാം ക്വാർട്ടറിൽ കരാർ വാഹന വാടകയ്ക്കും POL ചാർജ്ജിനുമായി വിനിയോഗിച്ച തുകയുടെ യു.സി, ചെലവ് വിവര പട്ടിക എന്നിവ നവംബർ 20 നകം തരം തിരിച്ച് ലഭ്യമാക്കേണ്ടതാണ്.

ജില്ല വനിത ശിശുവികസന ഓഫീസർമാർ

കൊല്ലം,കോഴിക്കോട്,കണ്ണൂർ,തൃശ്ശൂർ
എറണാകുളം,വയനാട്,പാലക്കാട്,

**Signed by Afsana Perween**
**Ias**
വനിതശിശുവികസനഡയറക്ടർ
**Date: 16-11-2023 12:21:34**

<u>പകർപ്പ്</u>

1.സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
2.പ്രോഗ്രാം ഓഫീസർ
കൊല്ലം, കോഴിക്കോട്, കണ്ണൂർ എറണാകുളം,വയനാട്, പാലക്കാട്, തൃശ്ശൂർ
3.ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്
4.സ്റ്റോക്ക് ഫയൽ / സ്പെയർ